# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2744**

18-06-2018-ൽ
മറുപടി നൽകേണ്ടത്

## <u>ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാരത്തകർച്ച</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| **ശ്രീ. പാറക്കൽ അബ്ദുല്ല** : | **പ്രൊഫ.സി. രവീന്ദ്രനാഥ്**<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗം ഗുണപരമായി നിലവാരത്തകർച്ച നേരിടുകയാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ബി) 2016 -ലെ ദേശീയ വിദ്യാഭ്യാസ നയ പ്രകാരം ഉന്നത വിദ്യാഭ്യാസവുമായി പ്രത്യേകിച്ച് സാങ്കേതിക വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തി പ്രവൃത്തി പരിചയം (ഇന്റേൺഷിപ്പ്) വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുന്നതിൽ സംസ്ഥാനം പിന്നിലാണെന്ന റിപ്പോർട്ട് പരിശോധിക്കുകയുണ്ടായോ; | |
| സി) ഉന്നത വിദ്യാഭ്യാസ മേഖലയിലെ പാഠ്യപദ്ധതികൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | സി) & ഡി) ഗവേഷണത്തിന് കൂടുതൽ പ്രാധാന്യം നൽകി വരുന്ന സംസ്കൃത സർവകലാശാലയിൽ 19 വിഷയങ്ങളിൽ എം.ഫിലും, വിവിധ പഠന വകുപ്പുകളിലായി 26 വിഷയങ്ങളിൽ ഗവേഷണവും നടത്തു ന്നുണ്ട്. സംസ്കൃത സർവ്വകലാശാലയെ മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകളിൽ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റവും, |
| ഡി) സാങ്കേതികരംഗത്തിന്റെ കുതിച്ചുചാട്ടം മുന്നിൽ കണ്ടുകൊണ്ട് മേൽത്തരം അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ അത്യാധുനിക പാഠ്യപദ്ധതികളുമായി കിടപിടിക്കുന്ന തരത്തിലുള്ള പാഠ്യപദ്ധതികൾ തയ്യാറാക്കി ഉന്നത | |

| | |
|---|---|
| വിദ്യാഭ്യാസ രംഗം നവീകരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | എം.ഫിൽ, പി.എച്ച്.ഡി പ്രോഗ്രാമുകൾക്ക് കോഴ്സ് വർക്കും നടപ്പിൽ വരുത്തിയിട്ടുണ്ട്. കോഴ്സ് ഘടന സിലബസ് എന്നിവയുടെ മാർഗ്ഗനിർദ്ദേശങ്ങൾ കാലാകാലങ്ങളിലെ മാറ്റങ്ങൾക്കനുസരിച്ച് പുതുക്കുന്നുണ്ട്. സംസ്കൃതത്തെ ഇൻഫർമേഷൻ ടെക്നോളജി യുമായി ബന്ധപ്പെടുത്തി ബിരുദ തലത്തിൽ സാൻസ്ക്രിറ്റ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി കോഴ്സ് നടത്തിവരുന്നുണ്ട്. എം.പി.എഡ്, എം.എഫ്.എ, ഡിപ്ലോമ ഇൻ ആയുർവേദിക് പഞ്ചകർമ്മ ആന്റ് ഇന്റർനാഷണൽ സ്പാ തെറാപ്പി എന്നിവ യുടെ സിലബസ് നവീന സാങ്കേതിക മികവിന്റെ കൂട്ടുപിടിച്ച് തയ്യാറാക്കിയിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലകളിൽ 3 വർഷത്തിൽ ഒരിക്കൽ കരിക്കുലം പരിഷ്കരണം നടത്തുന്നുണ്ട്. കണ്ണൂർ സർവ കലാശാലയിൽ ബിരുദ, ബിരുദാനന്തര തലത്തിൽ ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം നടപ്പിലാക്കി യിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**